**നാരായണാശ്രമ തപോവനം**

## ആത്മസ്ഫുരണങ്ങൾ

**സ്വാമി ഭൂമാനന്ദതീർഥ**



# ധർമധ്വനി മുഴക്കൂ

*Volume 60, 05 January 2014*

മനുഷ്യനിൽ ഏറ്റവും വലിയ ശക്തിയാണ് നാവ്. സംസാരിയ്ക്കാനുള്ള കഴിവത്രെ മനുഷ്യരാശിയെ ഭൂമിയിൽ എല്ലാവർക്കും മീതെ വാഴിയ്ക്കുന്നത്. മറ്റുള്ളവരുമായി ആശയവിനിമയം ചെയ്യാനിതു സഹായിയ്ക്കുന്നു. നന്മ വളരണമെങ്കിൽ ഒരുവന്ന് അതിലുള്ള അഭിരുചി മറ്റുള്ളവരിലും വ്യാപിപ്പിയ്ക്കണം. ഓരോരുത്തരും അവരവരുടെ താത്പര്യങ്ങളെപ്പറ്റി ഭംഗിയായി വെളിപ്പെടുത്തുമ്പോഴാണ് ഇതു സംഭവിയ്ക്കുക. പറയേണ്ടതു പറയാതിരിയ്ക്കുന്നതു വലിയ തെറ്റാണ്, അരുതാത്തതു പറയുന്നതും അങ്ങനെത്തന്നെ. അഭിപ്രായം പറയേണ്ടിടത്ത് അങ്ങനെ ചെയ്യാഞ്ഞാൽ, വലിയ വിപത്തുകൾ പിണഞ്ഞേയ്ക്കും, സമാജം തന്നെ വഴിതെറ്റി തകർന്നുപോകാനിടയുണ്ട്.

ഭക്തന്മാരേയും ധർമചിന്തകരേയും ഇന്നും ഇതേ വസ്തുതയാണ് ഓർമപ്പെടുത്താനുള്ളത്. ജനായത്തയുഗത്തിലേയ്ക്കു പ്രവേശിച്ചുകഴിഞ്ഞ നാം, ഇന്നത്തെ ചുറ്റുപാടിൽ ധർമധ്വനി എങ്ങനെ മുഴക്കും, അനുസരിയ്ക്കും, പരിരക്ഷിയ്ക്കും? ഏതു കാര്യത്തിലും, വിവാദവും ചർച്ചയും ഉയർന്നാൽ നിങ്ങളോരോരുത്തരും അവരവരുടെ അഭിപ്രായം രൂപീകരിക്കണം, ഉറക്കെ പറയണം. അതു പിന്തുടരാൻ മുന്നോട്ടുവരുകയും വേണം.

ചിന്തയിൽ, സംസാരത്തിൽ, ശരിയായ വിശ്വാസം പുലർത്തുന്നതിൽ, അതു പ്രചരിപ്പിയ്ക്കുന്നതിൽ, നമുക്കു സ്വാതന്ത്ര്യമുണ്ട്. അതു ശരിയ്ക്കും ഉപയോഗിയ്ക്കുമ്പോഴേ, സമൂഹം വേണ്ടുംവണ്ണം വളരുകയുള്ളൂ; ജനായത്തരീതികൾക്കു ശക്തിയും അർഥവുമുണ്ടാകൂ. തെറ്റുകൾ ഭയപ്പെട്ടു പിന്മാറണമെങ്കിൽ ആരോഗ്യകരമായ സിദ്ധാന്തങ്ങളും മുറകളും പുഷ്ടിപ്പെടണമെങ്കിൽ, അതിനൊത്തു കൂട്ടായി അഭിപ്രായപ്രകടനവും നീക്കവും കൂടിയേ തീരൂ.

ഈ പ്രക്രിയയിൽ ഓരോ പുരുഷനും സ്ത്രീയ്ക്കും വേണ്ടത്ര സ്ഥാനമുണ്ട്. കുട്ടികൾക്കുമുണ്ട് പ്രഹ്ലാദനേയും ധ്രുവനേയും പോലെ അവരുടെ വിലപ്പെട്ട സ്ഥാനം. എല്ലാവരും ഈ സത്യം, തത്ത്വം ശരിയ്ക്കും അറിഞ്ഞു വാമൂടി നില്ക്കാതെ ധാർമികമായ നീക്കങ്ങൾക്കുവേണ്ടി ശബ്ദമുയർത്താനും സഹായിയ്ക്കാനും മടിയ്ക്കരുത്. ഭാരതാംബയുടേയും നമ്മുടെ പൈതൃകത്തിന്റേയും നിർബന്ധമാണിത്.

* * *

**'വിചാരസരണി'യിൽ നിന്ന്**

**NarayanashramaTapovanam**
Venginissery, P.O. Ammadam, Trichur, Kerala, India Email: ashram1@gmail.com; Website: www.SwamiBhoomanandaTirtha.org